## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 69

28.11.2018 ൽ മറുപടിയ്ക്ക്

# പ്രളയത്തിൽ നാശനഷ്ടത്തിന്റെ വിവരശേഖരണം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ.സി.കെ.ഹരീന്ദ്രൻ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അമ്പൂരി ഗ്രാമപഞ്ചായത്ത് - 48 വീടുകൾ ഭാഗികമായും 5 വീടുകൾ പൂർണ്ണമായും തകർന്നു.<br>ആര്യങ്കോട് - 60 വീടുകൾ ഭാഗികമായും 2 വീടുകൾ പൂർണ്ണമായും തകർന്നു.<br>കൊല്ലയിൽ – 6 വീടുകൾ പൂർണ്ണമായും 34 വീടുകൾ ഭാഗികമായും തകർന്നു.<br>കുന്നത്തുകാൽ - 3 വീടുകൾ പൂർണ്ണമായും 30 വീടുകൾ ഭാഗികമായും തകർന്നു.<br>ഒറ്റശേഖരമംഗലം - 3 വീടുകൾ പൂർണ്ണമായും 30 വീടുകൾ ഭാഗികമായും തകർന്നു.<br>പാറശ്ശാല - 7 വീടുകൾ ഭാഗികമായും 9 വീടുകൾ പൂർണ്ണമായും തകർന്നു.<br>പെരുങ്കടവിള - 4 വീടുകൾ പൂർണ്ണമായും 17 വീടുകൾ ഭാഗികമായും തകർന്നു<br>വെള്ളറട - 6 വീടുകൾ ഭാഗികമായി തകർന്നു.<br>കള്ളിക്കാട് - 16 വീടുകൾ പൂർണ്ണമായും 165 വീടുകൾ ഭാഗികമായും തകർന്നു. |
| (ബി) പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും നാശനഷ്ടങ്ങൾ ഉണ്ടായവർക്കും ധനസഹായം ലഭ്യമാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ വിവരശേഖരണം മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയിട്ടുണ്ട്. ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത മേഖലയിൽ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ അമ്പൂരി, ആര്യങ്കോട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, വെള്ളറട, പെരുങ്കടവിള, കള്ളിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൻമേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ